سورة الإنسان

76. സൂറത്തുൽ ഇൻസാൻ

[ഈ അദ്ധ്യായത്തിന് സൂറത്തു- ദ്ദഹ്ർ എന്നും പേരുണ്ട്.]

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 31 - വിഭാഗം (റുകൂഉ്) 2

വെള്ളിയാഴ്ച സ്വുബ്ഹ് നമസ്കാരത്തിൽ നബിﷺ സൂ: സജദഃയും ഈ സൂറത്തും ഓതിയിരുന്നതായി ഹദീഥിൽ വന്നിരിക്കുന്നു. ഹദീഥ് നാം സൂ: സജദഃയുടെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

هَلْ أَتَىٰ عَلَى ٱلْإِنسَـٰنِ حِينٌ مِّنَ ٱلدَّهْرِ لَمْ يَكُن شَيْـًٔا مَّذْكُورًا ﴿١﴾

﴿1﴾ മനുഷ്യൻ പറയത്തക്ക ഒരു വസ്തുവും ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെമേൽ (കഴിഞ്ഞു) പോയിട്ടുണ്ടോ?!

﴿1﴾ هَلْ أَتَىٰ വന്നിരിക്കുന്നുവോ, കഴിഞ്ഞുപോയോ عَلَى ٱلْإِنسَـٰنِ മനുഷ്യന്റെമേൽ حِينٌ ഒരു അവസരം, ഘട്ടം, സമയം مِّنَ ٱلدَّهْرِ കാലത്തിൽ നിന്നുള്ള لَمْ يَكُن അവൻ ആയിരുന്നില്ലാത്ത شَيْـًٔا ഒരു വസ്തു مَّذْكُورًا പറയത്തക്ക, പ്രസ്താവിക്കപ്പെടുന്ന

'ഉണ്ട്, നിശ്ചയമായും കഴിഞ്ഞുപോയിട്ടുണ്ട്' എന്നല്ലാതെ ഈ ചോദ്യത്തിന് ഉത്തരം പറയുവാനില്ല. 'മനുഷ്യൻ' എന്ന അവസ്ഥ പോയിട്ട് ഏതെങ്കിലും രൂപത്തിലുള്ള ഒരു 'വസ്തു' എന്ന് പോലും പറയപ്പെടാനില്ലാത്ത ഒരു കാലം- എന്ന് വെച്ചാൽ ശുദ്ധശൂന്യമായിരുന്ന എത്രയോ നീണ്ടനീണ്ട ഒരു കാലഘട്ടം- അവന് മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. ആകാശഭൂമികൾക്ക് മുമ്പ്, അവയുടെ സൃഷ്ടിക്ക് ശേഷം ഈ ഭൂമിയിൽ ജീവികൾ നിലവിൽവരുന്നതിനുമുമ്പ്, അതിനുശേഷം മനുഷ്യപിതാവായ ആദം (അ) സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ്, പിന്നീട് ഓരോരുവനും

മനുഷ്യ സൃഷ്ടിയായി വെളിക്ക് വരുന്നതിന് മുമ്പ് എന്നിങ്ങനെയുള്ള ഓരോ ഘട്ടത്തെക്കുറിച്ചും ഒന്ന് ആലോചിച്ചുനോക്കുക! ലോകത്ത് മനുഷ്യവർഗം ജന്മം കൊള്ളുന്നതിന് മുമ്പ് അവനിൽ കഴിഞ്ഞുപോയ അതിദീർഘകാലത്തെ ശൂന്യാവസ്ഥക്ക് വിരാമമിട്ടുകൊണ്ട് അവന് അസ്തിത്വം നൽകിയ ഒരു സൃഷ്ടി കർത്താവില്ലാതെ, ഏതെങ്കിലും ഒരു ശുഭമുഹൂർത്തത്തിൽപെട്ടന്നങ്ങ് സ്വയം അസ്തിത്വം പൂണ്ടവനാണ് മനുഷ്യൻ എന്ന് പറയുവാൻ ഒരു നിഷ്പക്ഷബുദ്ധിക്ക് കഴിയുമോ? ഇല്ല, ഭൗതിക ലഹരിയിൽ മയങ്ങിയതോ, കല്ലുപോലെ മരവിച്ചതോ അല്ലാത്ത ഒരു ബുദ്ധിക്കും കഴിയുകയില്ലതന്നെ.

إِنَّا خَلَقْنَا ٱلْإِنسَـٰنَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ فَجَعَلْنَـٰهُ سَمِيعًۢا بَصِيرًا ﴿٢﴾

《2》 (പലതിനാലും) മിശ്രമായ ഒരു ഇന്ദ്രിയബിന്ദുവിൽ നിന്ന് മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു- അവനെ നാം പരീക്ഷണം ചെയ്യാനായിട്ട്. അങ്ങനെ, നാം അവനെ കേൾക്കുന്നവനും കാണുന്നവനുമാക്കിയിരിക്കുന്നു.

إِنَّا هَدَيْنَـٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا ﴿٣﴾

《3》 ഒന്നുകിൽ (അവൻ) നന്ദിയുള്ളവനായിക്കൊണ്ട്, അല്ലാത്ത പക്ഷം നന്ദികെട്ടവനായിക്കൊണ്ട് അവന് നാം മാർഗം കാട്ടിക്കൊടുത്തിരിക്കുന്നു.

《2》 إِنَّا خَلَقْنَا നാം സൃഷ്ടിച്ചിരിക്കുന്നു ٱلْإِنسَـٰنَ മനുഷ്യനെ مِن نُّطْفَةٍ ഒരു (ഇന്ദ്രിയ) തുള്ളിയാൽ, ബിന്ദുവിൽനിന്ന് أَمْشَاجٍ മിശ്രമായ, കലർപ്പുകളായ نَّبْتَلِيهِ നാം അവനെ പരീക്ഷണം ചെയ്തുകൊണ്ട് (ചെയ്യാൻ) فَجَعَلْنَـٰهُ അങ്ങനെ (അതിനാൽ) നാമവനെ ആക്കി سَمِيعًۢا കേൾക്കുന്നവൻ بَصِيرًا കാണുന്നവൻ 《3》 إِنَّا هَدَيْنَـٰهُ നാം അവന് കാട്ടിക്കൊടുത്തു ٱلسَّبِيلَ മാർഗം إِمَّا شَاكِرًا ഒന്നുകിൽ നന്ദിയുള്ളവനായിക്കൊണ്ട് وَإِمَّا كَفُورًا ഒന്നുകിൽ (അതല്ലെങ്കിൽ) നന്ദികെട്ടവനായിക്കൊണ്ട്

കേവലം നിസ്സാരമായ ഇന്ദ്രിയ ബിന്ദുവിൽനിന്നാണല്ലോ മനുഷ്യന്റെ ഉൽഭവം. അതേ സമയത്ത് വിവിധ വസ്തുക്കളാൽ മിശ്രമായതത്രെ ആ ബിന്ദു. പിതാവിൽനിന്നും മാതാവിൽനിന്നുമുള്ള ബീജാംശങ്ങൾ കലർന്നതെന്ന നിലക്കും, പുരുഷന്റേത് കട്ടികൂടിയതും വെള്ളനിറവും സ്ത്രീയുടെത് നേർത്തതും മഞ്ഞനിറവും എന്ന നിലക്കും, ശീതോഷ്ണം വാത പിത്ത കഫം ആദിയായ പല പ്രകൃതി വിശേഷതകളോട് കൂടിയതെന്ന നിലക്കും, വർണരൂപ സ്വഭാവാദികളിൽ പര

സ്പരം വ്യത്യാസങ്ങളെന്ന നിലക്കും- എന്നുവേണ്ട, മറ്റ് പല നിലക്കും- നോക്കുമ്പോൾ ആ ചെറു ബീജം എത്രയോ വസ്തുക്കളുടെയും ഗുണങ്ങളുടെയും മിശ്രമാണെന്ന് കാണാം. ബഹു ഗുണങ്ങളടങ്ങിയ പ്രസ്തുത ബീജത്തിൽ നിന്ന് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് അവന് നന്ദിയുള്ളവനായിരിക്കുമോ, അതല്ല നന്ദികെട്ടവനായിരിക്കുമോ എന്ന ഒരു പരീക്ഷണമായിട്ടത്രെ. ഈ പരീക്ഷണത്തിൽ വിജയം നേടുവാൻ വേണ്ടുന്ന ഉപാധികളും അല്ലാഹു അവന് സജ്ജമാക്കിക്കൊടുത്തിരിക്കുന്നു. കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള വിവേചന ശക്തി അവന് നൽകിയിട്ടുണ്ട്. മാത്രമല്ല, അവൻ ചരിക്കേണ്ടതും സ്വീകരിക്കേണ്ടതുമായ യഥാർത്ഥമാർഗം ഇന്നതാണെന്നും ശരിക്കും അവന് കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, ആ മാർഗം വിട്ടു വ്യതിചലിച്ചവർ കഠിന ശിക്ഷ അർഹിക്കുന്നുവെന്നത് തികച്ചും നീതിയുക്തമാണല്ലോ. അതേ സമയത്ത് മാർഗം മുറുകെപിടിച്ചവർക്കാകട്ടെ, അവൻ വമ്പിച്ച പ്രതിഫലം നൽകുമെന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു.

إِنَّآ أَعْتَدْنَا لِلْكَـٰفِرِينَ سَلَـٰسِلَا۟ وَأَغْلَـٰلًا وَسَعِيرًا ﴿٤﴾

《4》 നിശ്ചയമായും നാം, അവിശ്വാസികൾക്ക് ചില ചങ്ങലകളും, വിലങ്ങുകളും കത്തിജ്വലിക്കുന്ന അഗ്നിയും ഒരുക്കിവെച്ചിരിക്കുന്നു.

إِنَّ ٱلْأَبْرَارَ يَشْرَبُونَ مِن كَأْسٍ كَانَ مِزَاجُهَا كَافُورًا ﴿٥﴾

《5》 നിശ്ചയമായും, പുണ്യവാൻമാർ (മദ്യം നിറച്ച) ഒരു തരം പാനപാത്രത്തിൽനിന്ന് കുടിക്കുന്നതാണ്;- അതിലെ കൂട്ട് [ചേരുവ] കർപ്പൂരമായിരിക്കും.

عَيْنًا يَشْرَبُ بِهَا عِبَادُ ٱللَّهِ يُفَجِّرُونَهَا تَفْجِيرًا ﴿٦﴾

《6》അതായത്, അല്ലാഹുവിന്റെ അടിയാൻമാർ കുടിക്കുന്നതായ ഒരു ഉറവ് (ജലം)! അവരത് (ഇഷ്ടമനുസരിച്ച്) ഒഴുക്കി നടത്തിക്കൊണ്ടിരിക്കും.

《4》 إِنَّآ أَعْتَدْنَا നിശ്ചയമായും, നാം ഒരുക്കിവെച്ചിരിക്കുന്നു لِلْكَـٰفِرِينَ അവിശ്വാസികൾക്ക്, നന്ദികെട്ടവർക്ക് سَلَـٰسِلَا۟ ചങ്ങലകൾ وَأَغْلَـٰلًا വിലങ്ങ് (ആമം) وَسَعِيرًا ജ്വലിക്കുന്ന അഗ്നിയും 《5》 إِنَّ ٱلْأَبْرَارَ നിശ്ചയമായും പുണ്യവാൻമാർ, സജ്ജനങ്ങൾ يَشْرَبُونَ അവർ കുടിക്കും مِن كَأْسٍ (മദ്യം നിറച്ച) കോപ്പയിൽ (പാനപാത്രത്തിൽ) നിന്ന് كَانَ مِزَاجُهَا അതിന്റെ ചേരുവ (കലർപ്പ്- കൂട്ട്) ആകുന്നു كَافُورًا കർപ്പൂരം 《6》 عَيْنًا ഒരു ഉറവുജലം يَشْرَبُ بِهَا അതിനെ കുടിക്കും عِبَادُ ٱللَّهِ അല്ലാഹു

വിന്റെ അടിയാൻമാർ يُفَجِّرُونَهَا അവർ അതിനെ ഒഴുക്കും, പൊട്ടിഒലിപ്പിക്കും (നട ത്തിക്കൊണ്ടുപോകും) تَفْجِيرًا ഒരു ഒഴുക്കൽ

കുളിർമക്കും, ആനന്ദത്തിനും സുഗന്ധത്തിനും വിശേഷപ്പെട്ട ചേരുവയാണ് കർപ്പൂരം. എന്നാൽ, സ്വർഗത്തിലെ കർപ്പൂരവും മദ്യവും -മറ്റെല്ലാ സ്വർഗീയ വിഭ വങ്ങളുമെന്നപോലെത്തന്നെ- നമ്മുടെ ഭൗതിക വസ്തുക്കളുമായി നാമമാത്രബ ന്ധമേ ഉണ്ടായിരിക്കയുള്ളൂ. 'അല്ലാഹുവിന്റെ അടിയാൻമാർ' എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ തൃപ്തി ലഭിച്ച സജ്ജനങ്ങൾ എന്നാകുന്നു. അവർ ഉദ്ദേശിക്കു മ്പോഴും, ഉദ്ദേശിക്കുന്ന സ്ഥലത്തും യഥേഷ്ടം ലഭിക്കുമാറ് ഒഴുക്കിക്കൊണ്ട് പോകാവുന്ന വിധത്തിലുള്ള ഒരു നീരുറവയത്രെ പ്രസ്തുത മദ്യം. ഈ അടി യാൻമാരുടെ ഗുണവിശേഷങ്ങളെന്താണെന്നോ?-

يُوفُونَ بِٱلنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُۥ مُسْتَطِيرًا ﴿٧﴾

《7》 അവർ നേർച്ചയെ നിറവേറ്റു കയും, തിന്മ പാറിപ്പരക്കുന്ന (അ ഥവാ ആപത്തുകൾ വ്യാപിക്കുന്ന) തായ ഒരു ദിവസത്തെ ഭയപ്പെടു കയും ചെയ്യുന്നു.

وَيُطْعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا وَيَتِيمًا وَأَسِيرًا ﴿٨﴾

《8》 ഭക്ഷണത്തിന് പ്രേമമുള്ള തോടെ (ത്തന്നെ) സാധുവിനും, അനാഥക്കും, ബന്ധനസ്ഥനും അവർ ഭക്ഷണം നൽകുകയും ചെയ്യുന്നു.

إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا ﴿٩﴾

《9》 (അവർ പറയും:) 'നിശ്ചയ മായും അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രം ഞങ്ങൾ നിങ്ങൾക്ക് ഭക്ഷണം നൽകുന്നു; ഞങ്ങൾ നിങ്ങ ളിൽനിന്ന് ഒരു പ്രതിഫലമാകട്ടെ, നന്ദിയാകട്ടെ ഉദ്ദേശിക്കുന്നില്ല.'

إِنَّا نَخَافُ مِن رَّبِّنَا يَوْمًا عَبُوسًا قَمْطَرِيرًا ﴿١٠﴾

《10》'(വിഷാദപ്പെട്ട്) മുഖം ചുളി ച്ചുപോകുന്ന അതിദുസ്സഹമായ ഒരു ദിവസത്തെ ഞങ്ങളുടെ റബ്ബി ങ്കൽനിന്നും ഞങ്ങൾ ഭയപ്പെടുന്നു.'

《7》 يُوفُونَ അവർ നിറവേറ്റും, വീട്ടും بِٱلنَّذْرِ നേർച്ചയെ, പ്രതിജ്ഞയെ وَيَخَافُونَ അവർ ഭയപ്പെടുകയും ചെയ്യും يَوْمًا ഒരു ദിവസത്തെ كَانَ شَرُّهُۥ അതിന്റെ തിന്മ (കെ ടുതി, ദോഷം) ആകുന്നു مُسْتَطِيرًا പാറിപ്പരക്കുന്ന (പടർന്ന് പിടിക്കുന്ന) 《8》 وَيُطْعِمُونَ

അവർ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യും ٱلطَّعَامَ ഭക്ഷണസാധനം عَلَىٰ حُبِّهِۦ അതി
നോട് സ്നേഹമുള്ളതോടെ, പ്രേമത്തോടെ مِسۡكِينًا സാധുവിന്, പാവപ്പെട്ടവന്
وَيَتِيمًا അനാഥക്കുട്ടിക്കും وَأَسِيرًا ബന്ധനസ്ഥനും, ചിറയിൽപെട്ടവനും ﴾9﴿
إِنَّمَا نُطۡعِمُكُمۡ നിശ്ചയമായും നാം നിങ്ങൾക്ക് ഭക്ഷണം നൽകുന്നു لِوَجۡهِ ٱللَّهِ അല്ലാ
ഹുവിന്റെ തിരുമുഖത്തിന് (പ്രീതിക്ക്) വേണ്ടി (മാത്രം) لَا نُرِيدُ ഞങ്ങൾ (നാം)
ഉദ്ദേശിക്കുന്നില്ല مِنكُمۡ നിങ്ങളിൽനിന്ന് جَزَآءً ഒരു പ്രതിഫലവും وَلَا شُكُورًا ഒരു
നന്ദിയും, കൃതജ്ഞതയും ഇല്ല ﴾10﴿ إِنَّا نَخَافُ നാം (ഞങ്ങൾ) ഭയപ്പെടുന്നു مِن رَّبِّنَا
ഞങ്ങളുടെ റബ്ബിങ്കൽ നിന്ന് يَوۡمًا ഒരു ദിവസത്തെ عَبُوسًا മുഖം ചുളിക്കുന്ന (കഠി
നമായ) قَمۡطَرِيرًا അതിദുസ്സഹമായ (കഠോരമായ- കഠിനമായി ചുളിക്കുന്ന)

ആ പുണ്യവാൻമാർ അത്രയും അനുഗൃഹീതരായിത്തീരുമാറ് അവരിലുണ്ടായിരുന്ന ഗുണങ്ങൾ എന്തായിരുന്നുവെന്ന് അല്ലാഹു ചൂണ്ടിക്കാണിക്കുകയാണ്. തങ്ങളുടെമേൽ നിർബന്ധമായി കൽപിക്കപ്പെട്ടിട്ടുള്ള എല്ലാ കടമകളും, തങ്ങൾ ചെയ്തുകൊള്ളാമെന്ന് സ്വയം പ്രതിജ്ഞ ചെയ്തതുമൂലം തങ്ങളുടെമേൽ നിർബന്ധമായിത്തീർന്ന മറ്റ് കടമകളും ശരിക്കും നിറവേറ്റുക, ആപത്ത് നിറഞ്ഞതായ ഖിയാമത്ത്നാളിനെക്കുറിച്ച് സദാ ഭയമുള്ളവരായിരിക്കുക, സാധുക്കൾക്കും അനാഥകൾക്കും ബന്ധനസ്ഥരായ ആളുകൾക്കും അന്നദാനം ചെയ്യുക മുതലായവയത്രെ പ്രസ്തുത ഗുണങ്ങൾ. ചുരുക്കത്തിൽ, അല്ലാഹുവിനോടുള്ള കടപ്പാടുകളും സഹജീവികളോടുള്ള കടപ്പാടുകളും അവർ നിർവ്വഹിച്ചിരുന്നുവെന്ന് പറയാം. ബന്ധനസ്ഥരായ ആളുകൾക്ക് അന്നദാനം ചെയ്യുന്നതിൽ മുസ്‌ലിംകളെന്നോ അമുസ്‌ലിംകളെന്നോ വ്യത്യാസമില്ലാത്തതാണ്. ജയിലിലടക്കപ്പെട്ടവരും, മറ്റുതരത്തിൽ ബന്ധിക്കപ്പെട്ടവരും അതിൽ ഉൾപ്പെടുകയും ചെയ്യും. ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടതുപോലെ, ഖുർആൻ അവതരിച്ച കാലത്തുണ്ടായിരുന്ന ബന്ധനസ്ഥർ മിക്കവാറും മുശ്‌രിക്കുകളായിരുന്നുവെന്ന് വ്യക്തമാണല്ലോ. ബദ്ർ യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരോടുപോലും നല്ലനിലക്ക് പെരുമാറുവാൻ നബിﷺ കൽപിച്ചിരുന്നതും, സ്വഹാബികൾ അവരോട് അതിഥികളെന്നപോലെ പെരുമാറിയിരുന്നതും, അവർക്ക് ഭക്ഷണം നൽകിയതിനുശേഷമല്ലാതെ തങ്ങൾ ഭക്ഷണം കഴിക്കാതിരുന്നതും സ്മരണീയമാകുന്നു.

ധനത്തിന് ആവശ്യവും അതിനോട് പ്രേമവും ഉള്ളപ്പോൾ അത് ദാനധർമങ്ങളിൽ വിനിയോഗിക്കുന്നത് ഉടമസ്ഥന്റെ ത്യാഗമനഃസ്ഥിതിയും അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലത്തിൽ അയാൾക്കുള്ള ആഗ്രഹവുമാണ് കാണിക്കുന്നത്. അത് ഭക്ഷണസാധനം കൂടിയാകുമ്പോൾ വിശേഷിച്ചും. അതുകൊണ്ടാണ് ഭക്ഷണസാധനത്തോട് പ്രേമമുള്ളതോടെത്തന്നെ അവർ ഭക്ഷണം നൽകും (ويطعمون الطعام على حبه) എന്ന് അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതും. പുണ്യകർമങ്ങളെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യെ واتى المال على حبه (ധനത്തോട് പ്രേമ

മുള്ളതോടെ അത് നൽകുകയും) എന്ന് സൂറത്തുൽ ബക്വറഃ 177 ലും പ്രസ്താവിച്ചു കാണാം. സൂറഃ ആലുഇംറാൻ 92 ൽ, 'നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് ചിലവഴിക്കാതെ നിങ്ങൾക്ക് പുണ്യം ലഭിക്കുന്നതേയല്ല' (لن تنال البر حتى تنفقوا مما تحبون) എന്നും പ്രസ്താവിച്ചിരിക്കുന്നു. ബുഖാരീ (റ) ഉദ്ധരിച്ച ഒരു നബിവചനം ഇപ്രകാരമാകുന്നു: 'ധർമത്തിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് ധനത്തിന് മോഹിച്ചും, ദാരിദ്ര്യത്തെ ഭയന്നുംകൊണ്ട് നീ ആരോഗ്യവാനും അത്യാർത്തിയുള്ളവനുമായിരിക്കെ ചെയ്യുന്ന ധർമമാകുന്നു.'

കീർത്തിക്കും പേരിനും വേണ്ടിയോ, ആക്ഷേപങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ വേണ്ടിയോ, അല്ലെങ്കിൽ നിർബന്ധത്തിന് വഴങ്ങിയോ, അല്ലെങ്കിൽ ധർമം വാങ്ങുന്നവരിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ നന്ദിപ്രകടനമോ പ്രതീക്ഷിച്ചുകൊണ്ടോ, മറ്റേതെങ്കിലും താൽപര്യത്തെ മുൻനിറുത്തിയോ മനുഷ്യർ ദാനധർമങ്ങൾ ചെയ്യാറുണ്ട്. പക്ഷേ, സജ്ജനങ്ങൾ ചെയ്യുന്ന ദാനധർമങ്ങളുടെ ലക്ഷ്യം അതൊന്നും ആയിരിക്കയില്ല. അവരുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതിലഭിക്കലും, ക്വിയാമത്ത്നാളിലെ ഭീകര വിപത്തുകളിൽനിന്ന് രക്ഷപ്പെടലും മാത്രമായിരിക്കും. തങ്ങളുടെ പക്കൽനിന്ന് ധർമം സ്വീകരിക്കുന്നവരിൽനിന്ന് ഏതെങ്കിലും പ്രകാരത്തിലുള്ള ഒരു പ്രതിഫലം തങ്ങൾക്ക് കിട്ടിയാൽ കൊള്ളാമെന്നോ, അവർ തങ്ങളോട് നന്ദിയുള്ളവരായിരിക്കണമെന്നോ അവർക്ക് ഉദ്ദേശ്യമുണ്ടായിരിക്കുകയില്ല. ഇതാണ് 9, 10 വചനങ്ങളിൽ അവരുടെ വാക്കുകളിലൂടെത്തന്നെ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അപ്പോൾ, പാവങ്ങളുടെ നേരെയുള്ള അനുകമ്പയോ, പൊതുവിഷയങ്ങളിലുള്ള ഔൽസുക്യമോ കാരണമായി നല്ല വിഷയങ്ങളിൽ ധനം ചിലവഴിക്കുന്നതായാൽ തന്നെയും അല്ലാഹുവിങ്കൽ ശരിയായ പുണ്യകർമമായിത്തീരണമെങ്കിൽ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആയിരിക്കണം അതിന്റെ ലക്ഷ്യം എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. وإنما لكل امرئ ما نوى (ഓരോ മനുഷ്യനും അവൻ എന്ത് ഉദ്ദേശിച്ചോ അതാണ് ഉണ്ടാകുക.) എന്നാണല്ലോ നബിവചനം.

ഉപകാരം ചെയ്തവരോട് നന്ദികാണിക്കൽ മനുഷ്യന്റെ കടമയത്രെ. لا يشكر الله من لم يشكر الناس – أبو داود والترمذي (ജനങ്ങളോട് നന്ദികാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുകയില്ല. (ദാ; തി.) പക്ഷേ, ഉപകാരം ചെയ്യുന്നവൻ അത് ഉന്നംവെച്ചുകൂടാ എന്നേയുള്ളൂ. അതുപോലെത്തന്നെ, ചെയ്ത ഉപകാരം എടുത്തുപറയുവാനും പാടില്ലാത്തതാകുന്നു. لا تبطلوا صدقاتكم بالمن والأذى – البقرة : ٢٦٤ (ചെയ്ത ഉപകാരം എടുത്തുപറഞ്ഞും ഉപദ്രവം ചെയ്തും നിങ്ങളുടെ ധർമങ്ങളെ നിങ്ങൾ വ്യർത്ഥമാക്കിക്കളയരുത്.) തങ്ങളുടെ പക്കൽനിന്ന് അന്നദാനങ്ങൾ സ്വീകരിക്കുന്നവരെ അഭിമുഖീകരിച്ചുകൊണ്ട് സജ്ജനങ്ങൾ പറയുന്ന വാക്കുകളാണ് 9, 10 വചനങ്ങളിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നത്. ദാനധർമങ്ങൾ ചെയ്യുന്നവർ അതുമൂലം അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫലമല്ലാതെ, അവ വാങ്ങുന്നവരിൽനിന്ന് യാതൊന്നും തന്നെ പകരം ലഭിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്ന് അവ

രോട് വ്യക്തമാക്കുന്നത് നല്ലതാണെന്നുകൂടി ഇതിൽനിന്ന് മനസ്സിലാകുന്നു.
والله اعلم

فَوَقَىٰهُمُ ٱللَّهُ شَرَّ ذَٰلِكَ ٱلْيَوْمِ وَلَقَّىٰهُمْ نَضْرَةً وَسُرُورًا ﴿١١﴾

﴾11﴿ അതിനാൽ, ആ ദിവസത്തിന്റെ തിന്മയെ [ആപത്തിനെ] അല്ലാഹു അവർക്ക് കാത്തുകൊടുക്കുന്നതാണ്. അവർക്ക് പ്രസന്നതയും, സന്തോഷവും അവൻ ഇട്ടുകൊടുക്കുകയും ചെയ്യും.

وَجَزَىٰهُم بِمَا صَبَرُوا۟ جَنَّةً وَحَرِيرًا ﴿١٢﴾

﴾12﴿ അവർ ക്ഷമിച്ചതുനിമിത്തം അവർക്ക് (സ്വർഗീയ) തോട്ടവും, പട്ടും അവൻ പ്രതിഫലം കൊടുക്കുന്നതുമാണ്;-

مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۖ لَا يَرَوْنَ فِيهَا شَمْسًا وَلَا زَمْهَرِيرًا ﴿١٣﴾

﴾13﴿ അതിൽ സോഫ (അഥവാ അലംകൃത കട്ടിലു)കളിൽ ചാരിയിരുന്നുകൊണ്ട് (അവർ സുഖിക്കും.) വെയിലാകട്ടെ, കടുംതണുപ്പാകട്ടെ, അതിലവർ കാണുകയില്ല.

وَدَانِيَةً عَلَيْهِمْ ظِلَـٰلُهَا وَذُلِّلَتْ قُطُوفُهَا تَذْلِيلًا ﴿١٤﴾

﴾14﴿ അതിലെ തണലുകൾ [മരക്കൊമ്പുകൾ] അവർക്ക് മീതെ അടുത്തതായിക്കൊണ്ടുമായിരിക്കും. അതിലെ പഴക്കുലകൾ നിഷ്പ്രയാസമാക്കി സൗകര്യപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നതാണ്.

وَيُطَافُ عَلَيْهِم بِـَٔانِيَةٍ مِّن فِضَّةٍ وَأَكْوَابٍ كَانَتْ قَوَارِيرَا۠ ﴿١٥﴾

﴾15﴿ വെള്ളിക്കൊണ്ടുള്ള പാത്രങ്ങളും, സ്ഫടികങ്ങളായ കൂജകളുമായി അവരിലൂടെ ചുറ്റിനടക്കപ്പെടുകയും ചെയ്യും.

قَوَارِيرَا۟ مِن فِضَّةٍ قَدَّرُوهَا تَقْدِيرًا ﴿١٦﴾

﴾16﴿ അതായത്, വെള്ളികൊണ്ടുള്ള സ്ഫടിക (മയമായ) പാത്രങ്ങൾ! അവർ അവയ്ക്ക് ഒരു തോത് നിർണയപ്പെടുത്തുന്നതാണ്.

﴾11﴿ فَوَقَىٰهُمُ അതിനാൽ അവർക്ക് കാത്തുകൊടുക്കും, അവരെ രക്ഷിക്കുന്ന താണ് ٱللَّهُ അല്ലാഹു شَرَّ തിന്മയെ (ആപത്തിനെ), തിൻമയിൽനിന്ന് ذَٰلِكَ ٱلْيَوْمِ ആ ദിവസത്തിന്റെ وَلَقَّىٰهُمْ അവർക്കവൻ ഇട്ടുകൊടുക്കുകയും ചെയ്യും نَضْرَةً പ്രസന്ന ത, തിളക്കം, ഭംഗി وَسُرُورًا സന്തോഷവും ﴾12﴿ وَجَزَىٰهُم അവർക്ക് അവൻ പ്രതി ഫലം നൽകുകയും ചെയ്യും بِمَا صَبَرُوا۟ അവർ ക്ഷമിച്ച(സഹിച്ച)തു കൊണ്ട് جَنَّةً സ്വർഗം, തോട്ടം وَحَرِيرًا പട്ടും ﴾13﴿ مُّتَّكِـِٔينَ ചാരിയിരുന്നവരായിക്കൊണ്ട് فِيهَا അതിൽ عَلَى ٱلْأَرَآئِكِ അലങ്കൃത കട്ടിലുകളിൽ, സോഫമേൽ لَا يَرَوْنَ അവർ കാണുകയില്ല فِيهَا അതിൽ شَمْسًا സൂര്യനെ, വെയില് (ചൂട്) وَلَا زَمْهَرِيرًا അതിശൈത്യവും (കാണു ക) ഇല്ല ﴾14﴿ وَدَانِيَةً അടുത്തതായിക്കൊണ്ടും عَلَيْهِمْ അവരുടെമേൽ ظِلَٰلُهَا അതിലെ തണലുകൾ وَذُلِّلَتْ എളുപ്പമാക്ക (നിഷ്പ്രയാസമാക്ക- സൗകര്യപ്പെടുത്ത)പ്പെടു കയും ചെയ്തിരിക്കുന്നു قُطُوفُهَا അതിലെ (പറിച്ചെടുക്കുന്ന) പഴങ്ങൾ, പഴക്കുല കൾ تَذْلِيلًا ഒരു എളുപ്പമാക്കൽ ﴾15﴿ وَيُطَافُ ചുററിനടക്കപ്പെടും عَلَيْهِم അവരിൽ بِـَٔانِيَةٍ പാത്രങ്ങളുമായി مِّن فِضَّةٍ വെള്ളിയാലുള്ള مِّن فِضَّةٍ കോപ്പ (കൂജ)കളുമായും كَانَتْ അവയായിരിക്കുന്നു قَوَارِيرَا۠ പളുങ്ക് (പാത്രം)കൾ, സ്ഫടികങ്ങൾ ﴾16﴿ قَوَارِيرَا۟ അതായത് പളുങ്കുകൾ مِن فِضَّةٍ വെള്ളികൊണ്ടുള്ള قَدَّرُوهَا അതിനെ അവർ കണ ക്കാക്കി (നിർണയം ചെയ്തി)രിക്കുന്നു تَقْدِيرًا ഒരു കണക്കാക്കൽ

തങ്ങളുടെ കടമകൾ നിറവേറ്റുന്നതിലും, സ്വന്തം ആവശ്യങ്ങൾ അവഗ ണിച്ചു ദാനധർമങ്ങൾ ചെയ്യുന്നതിലുമെല്ലാം അവർ അതിയായ ക്ഷമയും സഹ നവും കൈകൊള്ളേണ്ടിവന്നിട്ടുണ്ടല്ലോ. അതുനിമിത്തം അല്ലാഹു അവർക്ക് കൊടു ത്തിരുന്ന കണക്കറ്റ അനുഗ്രഹങ്ങളുടെ ചില ഉദാഹരണങ്ങളാണ് ഈ വചനങ്ങ ളിലും അടുത്ത വചനങ്ങളിലും കാണുന്നത്. അതെ, അവർ ഇച്ഛിച്ചിരുന്നതുപോലെ ക്വിയാമത്ത്നാളിലെ ഭയങ്കരതകളിൽ നിന്നെല്ലാം അല്ലാഹു അവരെ കാത്തുര ക്ഷിക്കുകയും, അതിന് പുറമെ അവർണനീയമായ സ്വർഗീയ സുഖസൗകര്യ ങ്ങൾകൊണ്ട് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ, പരിപൂർണ സംതൃപ്തിയും അതിരറ്റ സന്തോഷവും കാലാകാലം അവരെ ആശ്ലേഷിച്ചുകൊ ണ്ടിരിക്കും.

പഴങ്ങൾക്ക് ആവശ്യം തോന്നുമ്പോൾ ഇരുന്നോ, നിന്നോ, കിടന്നോ നിഷ്പ്രയാസം പറിച്ചെടുക്കുവാൻ സാധിക്കുമാറ് പ്രത്യേകം സൗകര്യങ്ങളോടു കൂടിയാണ് സ്വർഗത്തിലെ ഫലവൃക്ഷങ്ങൾ സ്ഥിതിചെയ്യുന്നത് എന്നത്രെ ذلّلت قطوفها تذليلا (അതിലെ പഴക്കുലകൾ നിഷ്പ്രയാസം സൗകര്യപ്പെടുത്തപ്പെട്ടിരി ക്കുന്നു) എന്ന് പറഞ്ഞതിന്റെ താൽപര്യം. قطوفها دانية –الحاقة (അതിലെ പഴക്കുല കൾ അടുത്ത് വരുന്നവയാണ്.)

'പറിക്കാറായ ഫലങ്ങൾ, പറിച്ചെടുത്ത ഫലങ്ങൾ, പഴക്കുലകൾ' എന്നീ അർത്ഥങ്ങൾ വരുന്ന പദമാണ് قطوف (ക്വുത്വൂഫ്). പാനപാത്രങ്ങളുമായി ചുറ്റിനടക്കുന്ന പരിചാരകൻമാർ ആരായിരിക്കുമെന്ന് 19 -ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. പാത്രങ്ങൾ വെള്ളികൊണ്ടുള്ളവയാണെങ്കിലും അവ നമ്മുടെ വെള്ളിപാത്രങ്ങൾ പോലെയല്ല. സ്ഫടികസമാനമായിരിക്കും. ഓരോരുത്തന്റെയും ഹിതത്തിനും ആവശ്യത്തിനും അനുസരിച്ച് കണക്കാക്കിയായിരിക്കും പരിചാരകൻമാരായ ബാലൻമാർ അത് കൊണ്ടുവന്നു കൊടുക്കുന്നത്.

وَيُسْقَوْنَ فِيهَا كَأْسًا كَانَ مِزَاجُهَا زَنجَبِيلًا ﴿١٧﴾

﴾17﴿ അതിൽ അവർക്ക് (മദ്യം നിറച്ച) ഒരു തരം പാനപാത്രവും കുടിക്കുവാൻ കൊടുക്കപ്പെടും; അതിന്റെ ചേരുവ[കൂട്ട്] ഇഞ്ചിയായിരിക്കുന്നതാണ്.

عَيْنًا فِيهَا تُسَمَّىٰ سَلْسَبِيلًا ﴿١٨﴾

﴾18﴿ അതായത്, 'സൽസബീൽ' എന്ന് പേരുപറയപ്പെടുന്ന അതിലെ ഒരു ഉറവ് (ജലം)!

وَيَطُوفُ عَلَيْهِمْ وِلْدَانٌ مُّخَلَّدُونَ إِذَا رَأَيْتَهُمْ حَسِبْتَهُمْ لُؤْلُؤًا مَّنثُورًا ﴿١٩﴾

﴾19﴿ ശാശ്വത (മായ നവത്വ) ജീവിതം നൽകപ്പെട്ടവരായ ചില കുട്ടികൾ അവരിലൂടെ ചുറ്റിനടന്നു കൊണ്ടുമിരിക്കും; അവരെ നീ കണ്ടാൽ, വിതറിയിടപ്പെട്ട മുത്തുകളാണ് അവരെന്ന് നീ വിചാരിക്കുന്നതാണ്!

وَإِذَا رَأَيْتَ ثَمَّ رَأَيْتَ نَعِيمًا وَمُلْكًا كَبِيرًا ﴿٢٠﴾

﴾20﴿ അവിടെ നീ കണ്ടാൽ, ഒരു (മഹത്തായ) സുഖാനുഗ്രഹവും വലുതായ ഒരു രാജകീയതയും (അഥവാ സാമ്രാജ്യവും) നിനക്ക് കാണാവുന്നതുമായിരിക്കും.

عَالِيَهُمْ ثِيَابُ سُندُسٍ خُضْرٌ وَإِسْتَبْرَقٌ ۖ وَحُلُّوٓا أَسَاوِرَ مِن فِضَّةٍ وَسَقَىٰهُمْ رَبُّهُمْ شَرَابًا طَهُورًا ﴿٢١﴾

﴾21﴿ അവരുടെ മേലിൽ പച്ച വർണമായ നേർമപ്പട്ടിന്റെ വസ്ത്രങ്ങളും, കട്ടിപ്പട്ടും (അഥവാ കസവ് വസ്ത്രവും) ഉണ്ടായിരിക്കും;

വെള്ളികൊണ്ടുള്ള വളകളും അവർക്ക് അണിയിക്കപ്പെടും. അവരുടെ റബ്ബ് അവർക്ക് വളരെ ശുദ്ധമായ ഒരു (തരം) പാനീയം കുടിക്കുവാൻ കൊടുക്കുന്നതുമാണ്.

إِنَّ هَـٰذَا كَانَ لَكُمْ جَزَآءً وَكَانَ سَعْيُكُم مَّشْكُورًا ﴿٢٢﴾

《22》 (ഹേ, പുണ്യവാൻമാരേ) നിശ്ചയമായും ഇത് (ഒക്കെയും) നിങ്ങൾക്ക് പ്രതിഫലമായിരിക്കുന്നതാകുന്നു. നിങ്ങളുടെ പരിശ്രമം നന്ദിപൂർവം സ്വീകരിക്കപ്പെട്ടതുമാകുന്നു (എന്ന് പറയപ്പെടും)

《17》 وَيُسْقَوْنَ അവർക്ക് കുടിക്കാൻ കൊടുക്കും (കുടിപ്പിക്കപ്പെടും) فِيهَا
അതിൽവെച്ച് كَأْسًا ഒരു (മദ്യം നിറച്ച) പാനപാത്രം كَانَ مِزَاجُهَا അതിന്റെ ചേരുവ
ആയിരിക്കും زَنجَبِيلًا ഇഞ്ചി 《18》 عَيْنًا അതായത് ഒരു ഉറവ് فِيهَا അതിലുള്ള تُسَمَّىٰ
അതിന് പേര് പറയപ്പെടും سَلْسَبِيلًا സൽസബീൽ എന്ന് 《19》 وَيَطُوفُ عَلَيْهِمْ അവ
രിൽ ചുറ്റി നടക്കും وِلْدَانٌ ചില കുട്ടികൾ مُّخَلَّدُونَ ശാശ്വതത്വം നൽകപ്പെട്ടവരായ
إِذَا رَأَيْتَهُمْ നീ അവരെ കണ്ടാൽ حَسِبْتَهُمْ നീ അവരെ ഗണിക്കും, വിചാരിക്കും لُؤْلُؤًا
മുത്താണെന്ന് مَّنثُورًا വിതറപ്പെട്ട 《20》 وَإِذَا رَأَيْتَ നീ കണ്ടുവെങ്കിലോ ثَمَّ അവിടം
رَأَيْتَ നീ കാണും, നിനക്ക് കാണാം نَعِيمًا ഒരു സൗഖ്യം, അനുഗൃഹീത സുഖം
وَمُلْكًا ഒരു രാജകീയതയും, രാജത്വവും, സാമ്രാജ്യവും كَبِيرًا വലുതായ, വമ്പിച്ച
《21》 عَـٰلِيَهُمْ അവരുടെ മേലുണ്ടായിരിക്കും ثِيَابُ വസ്ത്രങ്ങൾ سُندُسٍ നേർമ (മി
നുസ്സ)പ്പട്ടിന്റെ خُضْرٌ പച്ചയായ وَإِسْتَبْرَقٌ കട്ടി (കസവ്) പട്ടും وَحُلُّوٓا۟ അവർക്ക് അണി
യിക്കപ്പെടുകയും ചെയ്യും, ആഭരണം ഇടപ്പെടും أَسَاوِرَ ചില വളകൾ مِن فِضَّةٍ വെള്ളി
കൊണ്ടുള്ള وَسَقَىٰهُمْ അവർക്ക് കുടിക്കാൻ കൊടുക്കുകയും ചെയ്യും رَبُّهُمْ അവ
രുടെ റബ്ബ് شَرَابًا ഒരു പാനീയം طَهُورًا വളരെ ശുദ്ധമായ 《22》 إِنَّ هَـٰذَا നിശ്ചയ
മായും ഇത് كَانَ ആകുന്നു, ആയിരിക്കുന്നു لَكُمْ നിങ്ങൾക്ക് جَزَآءً പ്രതിഫലം وَكَانَ
سَعْيُكُم നിങ്ങളുടെ പരിശ്രമം (അദ്ധ്വാനം) ആകുന്നു, ആയിരിക്കുന്നു مَّشْكُورًا നന്ദി
ചെയ്യ (നന്ദിപൂർവ്വം സ്വീകരിക്ക)പ്പെട്ടത്

കർപ്പൂരക്കലർപ്പുള്ള ഒരു തരം ഉറവുമദ്യത്തെപ്പറ്റി മുമ്പറഞ്ഞുവല്ലോ. അതുപോലെ ഇഞ്ചിക്കലർപ്പുള്ള മറ്റൊരു ഉറവുമദ്യത്തെക്കുറിച്ചാണ് ഇവിടെ രണ്ടാമത് പറഞ്ഞിരിക്കുന്നത്. ഹൃദ്യവും ആസ്വാദ്യകരവുമായ ചുവയോടുകൂടിയതാണല്ലോ ഇഞ്ചിയും. അറബികൾ ഇഞ്ചിരസത്തെപ്പറ്റി വളരെ പുകഴ്ത്തിപ്പറയാറുള്ളതുമാണ്. 'സൽസബീൽ' (سلسبيلا) എന്ന് അല്ലാഹു ഉറവ് ജലത്തിന് നാമകരണം ചെയ്തിരിക്കുന്നുവെന്നല്ലാതെ, ആ വാക്കിന്റെ അർത്ഥം എന്താണെന്ന് തിട്ടമായി നമുക്കറിഞ്ഞുകൂടാ. അറബിഭാഷയിൽ സാധാരണ കാണപ്പെടാറില്ലാത്ത ഒരു പദമാണത്. ഖുർആനിലല്ലാതെ ആ വാക്ക് കണ്ടിട്ടില്ലെന്നുപോലും ചില

മഹാൻമാർ പ്രസ്താവിച്ചിരിക്കുന്നു. സ്വർഗസ്ഥരായ ആളുകൾക്ക് പാനീയങ്ങളുമായി ഉപചാരസേവനം നടത്തുന്ന ബാലൻമാരെപ്പറ്റി مخلدون (ശാശ്വതജീവിതം നൽകപ്പെട്ടവർ) എന്ന് വിശേഷിപ്പിച്ചതിൽനിന്ന് അവരുടെ കൗമാരനവത്വത്തിന് ഒരു കാലത്തും കോട്ടം തട്ടുകയില്ലെന്ന് മനസ്സിലാക്കാം. മുത്തുവിതറിയപോലെ എന്ന ഉപമ അവരുടെ കൗതുകവും, ഭംഗിയും, വടിയും ഉദാഹരിക്കുന്നു. കൂടാതെ, അവരുടെ എണ്ണത്തിന്റെ ആധിക്യവും അത് സൂചിപ്പിക്കുന്നുണ്ട്. ചില പ്രത്യേക പാനീയങ്ങളെപ്പററി പ്രസ്താവിച്ച ശേഷം 21 -ാം വചനത്തിൽ റബ്ബ് അവർക്ക് വളരെ ശുദ്ധമായ ഒരു പാനീയം നൽകുമെന്ന് വീണ്ടും ഉണർത്തിയത് ശ്രദ്ധേയമാണ്. അത് അവരുടെ മനസ്സിനും, ശരീരത്തിനും, സ്വഭാവങ്ങൾക്കുമെല്ലാം തന്നെ കൂടുതൽ പരിശുദ്ധി നൽകുന്ന മറ്റൊരു അനുഗൃഹീത പാനീയമായിരിക്കാമെന്ന് ചില മഹാൻമാർ പറഞ്ഞുകാണുന്നു. الله اعلم

സന്ദർഭമനുസരിച്ച് ചിലപ്പോഴെല്ലാം ഇതിനുമുമ്പ് നാം ചൂണ്ടിക്കാട്ടിയിട്ടുള്ള ചില സംഗതികൾ ഇവിടെ വീണ്ടും അനുസ്മരിക്കുന്നത് അസ്ഥാനത്തായിരിക്കയില്ല. സ്വർഗീയ ജീവിതത്തെയും അതിലെ വിഭവങ്ങളെയും കുറിച്ച് ക്വുർആനിലോ ഹദീഥിലോ വല്ലതും പറയുമ്പോൾ- നരകത്തെ സംബന്ധിച്ചും അതുപോലെത്തന്നെ- ഉപയോഗിച്ച പദങ്ങളെയും, ആ പദങ്ങളുടെ ഭാഷാർത്ഥത്തെയും മാത്രം നോക്കി അവയെപ്പറ്റി അനുമാനം നടത്തിക്കൂടാത്തതാകുന്നു. കാരണം; ഒന്നാമതായി, പരലോക സംബന്ധമായ കാര്യങ്ങൾ എല്ലാംതന്നെ നമ്മുടെ അറിവിനും അനുമാനത്തിനും അതീതമായവയും നമുക്ക് അപരിചിതങ്ങളുമായിരിക്കും. മരണശേഷം അനുഭവത്തിൽ കാണുമ്പോഴല്ലാതെ അവയുടെ സാക്ഷാൽ രൂപത്തിൽ അവയെ മനസ്സിലാക്കുവാൻ നമുക്ക് ഒരിക്കലും കഴിയില്ല. രണ്ടാമതായി, നമുക്ക് സുപരിചിതമായ ഭാഷയിലൂടെയും പ്രയോഗങ്ങളിലൂടെയുമല്ലാതെ ഏതുകാര്യവും നമുക്ക് വിവരിച്ചുതരുവാൻ നിവൃത്തിയില്ല. അഥവാ അവയുടെ യഥാർത്ഥരൂപത്തിൽ അവയെപ്പറ്റി വ്യവഹരിക്കുന്ന മറ്റുവല്ല അപരിചിതവാക്കുകൾ മുഖേനയും നമ്മോട് സംസാരിച്ചിട്ട് കാര്യമില്ല. ആകയാൽ നമുക്കറിയാവുന്ന വാക്കുകളിൽ നമ്മെ പരിചയപ്പെടുത്തുവാനേ നിവൃത്തിയുള്ളൂ. അതുകൊണ്ട് സ്വർഗത്തിലെ പഴം, കള്ള്, വെള്ളി, പട്ട്, വള തുടങ്ങിയ ഓരോന്നിനും അതേ പേരുകളിൽ നമുക്കറിയാവുന്ന അതത് വസ്തുക്കളുടെ തോതുവെച്ച് രൂപം കൽപിച്ചുകൂടാത്തതാകുന്നു. 20 -ാം വചനത്തിൽനിന്ന് തന്നെ ഈ യാഥാർത്ഥ്യം ഏറെക്കുറെ മനസ്സിലാക്കാം. സ്വർഗത്തിലെ വസ്തുക്കളെപ്പറ്റി 'ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു ചെവിയും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായിരിക്കും അവ' എന്ന് ഹദീഥിൽ വന്നിട്ടുള്ളത് ഈ യാഥാർത്ഥ്യമാണ് വ്യക്തമാക്കുന്നത്. (സൂ: സജദ: 17ന്റെ വ്യാഖ്യാനത്തിൽ കൊടുത്തിട്ടുള്ള ഹദീഥ് നോക്കുക.) അല്ലാഹു നമ്മെയെല്ലാം അവന്റെ പുണ്യവാൻമാരായ അടിയാൻമാരിൽ ഉൾപ്പെടുത്തിത്തരട്ടെ. ആമീൻ.

വിഭാഗം- 2

إِنَّا نَحْنُ نَزَّلْنَا عَلَيْكَ ٱلْقُرْءَانَ تَنزِيلًا ﴿٢٣﴾

﴿23﴾ നിശ്ചയമായും നാം തന്നെയാണ് നിന്റെ മേൽ ക്വുർആൻ ഒരു (ക്രമേണയായുള്ള) അവതരിപ്പിക്കൽ അവതരിപ്പിച്ചിരിക്കുന്നത്.

فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تُطِعْ مِنْهُمْ ءَاثِمًا أَوْ كَفُورًا ﴿٢٤﴾

﴿24﴾ അതിനാൽ നിന്റെ രക്ഷിതാവിന്റെ വിധിക്ക് നീ ക്ഷമിച്ചുകൊള്ളുക; അവരിൽനിന്ന് യാതൊരു പാപിയെയോ, അവിശ്വാസിയായുള്ളവനെയോ നീ അനുസരിക്കയും ചെയ്യരുത്.

وَٱذْكُرِ ٱسْمَ رَبِّكَ بُكْرَةً وَأَصِيلًا ﴿٢٥﴾

﴿25﴾ രാവിലെയും, വൈകുന്നേരവും, നിന്റെ റബ്ബിന്റെ നാമം നീ സ്മരിക്കുകയും ചെയ്യുക.

وَمِنَ ٱلَّيْلِ فَٱسْجُدْ لَهُۥ وَسَبِّحْهُ لَيْلًا طَوِيلًا ﴿٢٦﴾

﴿26﴾ രാത്രിയിൽനിന്നുംതന്നെ (അല്പനേരം) നീ അവന് സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യണം; ഒരു നീണ്ട (സമയം) രാത്രി അവന് തസ്ബീഹും [പ്രകീർത്തനവും] നടത്തണം.

﴿23﴾ إِنَّا نَحْنُ നിശ്ചയമായും നാം തന്നെ نَزَّلْنَا അവതരിപ്പിച്ചു, ഇറക്കി
عَلَيْكَ നിന്റെമേൽ ٱلْقُرْءَانَ ക്വുർആനെ تَنزِيلًا ഒരു അവതരിപ്പിക്കൽ, ഇറക്കൽ ﴿24﴾
فَٱصْبِرْ അതിനാൽ ക്ഷമിക്കുക, സഹിക്കുക لِحُكْمِ വിധിക്ക് رَبِّكَ നിന്റെ റബ്ബിന്റെ
وَلَا تُطِعْ അനുസരിക്കുകയും അരുത് مِنْهُمْ അവരിൽ നിന്ന് ءَاثِمًا ഒരു പാപിയെയും
أَوْ كَفُورًا അല്ലെങ്കിൽ അവിശ്വാസിയായുള്ളവനെ, നന്ദികെട്ടവനെ ﴿25﴾ وَٱذْكُرِ
നീ സ്മരിക്കുക (ഓർക്കുക- കീർത്തനം ചെയ്യുക)യും ചെയ്യുക ٱسْمَ رَبِّكَ നിന്റെ
റബ്ബിന്റെ നാമം بُكْرَةً കാലത്ത്, രാവിലെ وَأَصِيلًا വൈകുന്നേരവും, വൈകീട്ടും
﴿26﴾ وَمِنَ ٱلَّيْلِ രാത്രിയിൽനിന്നും തന്നെ فَٱسْجُدْ لَهُۥ അവനെ നീ സുജൂദ് ചെയ്യുക

وَسَبِّحْهُ അവനെ പ്രകീർത്തനം ചെയ്യുക, വാഴ്ത്തുകയും വേണം لَيْلًا രാത്രി طَوِيلا നീണ്ട, ദീർഘിച്ച (സമയം)

ഖുർആനെ ഒന്നായി അവതരിപ്പിക്കാതെ സന്ദർഭമനുസരിച്ച് ഗഡുക്കളായും, സാവകാശമായും അവതരിപ്പിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ് 23 -ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഇത് അല്ലാഹുവിന്റെ വിധിയനുസരിച്ചാണെന്നും, അത് തൃപ്തിപ്പെട്ടുകൊള്ളണമെന്നും, സഹനത്തോടും ക്ഷമയോടുംകൂടി കൃത്യങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ടിരിക്കണമെന്നും, അതിനെതിരിൽ വിലങ്ങടിക്കുന്ന ഏത് പാപികളെയും നിഷേധികളെയും അനുസരിക്കുകയോ അവർക്ക് വഴങ്ങിക്കൊടുക്കുകയോ ചെയ്യരുതെന്നും അല്ലാഹു നബിﷺയോട് കൽപിക്കുന്നു. ഇങ്ങനെയുള്ള കൽപനകൾ തിരുമേനിക്ക് കൂടുതൽ മനോധൈര്യവും ദൃഢമനസ്കതയും ഉളവാക്കുന്നതാണെന്ന് പറയേണ്ടതില്ല. മാനസികശക്തിയും ആത്മീയപരിശുദ്ധിയും വളർത്തുന്നതാണ് നമസ്കാരം, തസ്ബീഹ്, ദിക്ർ മുതലായ കർമങ്ങൾ. അതുകൊണ്ട് അവയെപ്പറ്റിയും പ്രത്യേകം ഓർമിപ്പിച്ചിരിക്കുന്നു. واستعينوا بالصبر والصلاة (നിങ്ങൾ ക്ഷമകൊണ്ടും നമസ്കാരംകൊണ്ടും സഹായം തേടിക്കൊള്ളുക.)

രാവിലെയും വൈകുന്നേരവും റബ്ബിന്റെ നാമം സ്മരിക്കുക എന്ന് പറഞ്ഞതിൽ സ്വുബ്ഹ്, ളുഹ്ർ, അസ്വ്ർ എന്നീ നമസ്കാരങ്ങൾ മുഖേനയുള്ള സ്മരണയും, രാത്രി കുറച്ച് സമയം സുജൂദ് ചെയ്യണമെന്ന് പറഞ്ഞതിൽ മഗ്‌രിബും, ഇശാഉം ഉൾപ്പെടുന്നതാണ്. രാത്രി ദീർഘനേരം തസ്ബീഹ്- സ്തോത്രകീർത്തനം -നടത്തണമെന്ന് പറഞ്ഞതിൽ രാത്രിയിലെ തഹജ്ജുദ് നമസ്കാരം തുടങ്ങിയ ദിക്റുകളും ഉൾപ്പെടുന്നു. അഥവാ ഇതുപോലെയുള്ള കൽപനകളുടെ പ്രായോഗിക രൂപങ്ങളായിക്കൊണ്ടാണ് നബിﷺ അതെല്ലാം സമുദായത്തിന് കാണിച്ചുതന്നിരിക്കുന്നത്. 'ദിക്ർ- തസ്ബീഹ്- സുജൂദ്' എന്നിവയെപ്പറ്റിയും, മേപ്പടി സമയങ്ങളെപ്പറ്റിയും സൂ: അൻകബൂത്ത് 45; സൂ: റൂം 17, 18 മുതലായ സ്ഥലങ്ങളിൽ മുമ്പ് വിവരിച്ചത് ഓർക്കുക.

إِنَّ هَٰٓؤُلَآءِ يُحِبُّونَ ٱلْعَاجِلَةَ وَيَذَرُونَ وَرَآءَهُمْ يَوْمًا ثَقِيلًا ﴿٢٧﴾

﴾27﴿ നിശ്ചയമായും, ഇക്കൂട്ടർ ക്ഷണികമായതിനെ [ഐഹികജീവിതത്തെ] ഇഷ്ടപ്പെടുന്നു;ഭാരമേറിയ ഒരു ദിവസത്തെ അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു.

نَّحْنُ خَلَقْنَـٰهُمْ وَشَدَدْنَآ أَسْرَهُمْ ۖ وَإِذَا شِئْنَا بَدَّلْنَآ أَمْثَـٰلَهُمْ تَبْدِيلًا ﴿٢٨﴾

﴾28﴿ നാമത്രെ അവരെ സൃഷ്ടിച്ചതും, അവരുടെ (ശരീര) ഘടനയെ ബലപ്പെടുത്തിയതും. നാം ഉദ്ദേശിച്ചാൽ, അവർക്ക് തുല്യമായവരെ നാം (അവർക്ക്) പകരമാക്കിക്കൊണ്ടുവരുന്നതുമാണ്.

﴾27﴿ إِنَّ هَـٰٓؤُلَآءِ നിശ്ചയമായും ഇക്കൂട്ടർ يُحِبُّونَ അവർ ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു ٱلْعَاجِلَةَ ക്ഷണികമായ (വേഗം കഴിയുന്ന)തിനെ وَيَذَرُونَ അവർ വിടുക (ഉപേക്ഷിക്കുക)യും ചെയ്യുന്നു وَرَآءَهُمْ അവരുടെ പിന്നിൽ, പുറകിൽ يَوْمًا ثَقِيلًا ഭാരമേറിയ ഒരു ദിവസം ﴾28﴿ نَّحْنُ നാം, നാമത്രെ خَلَقْنَـٰهُمْ അവരെ സൃഷ്ടിച്ചു, സൃഷ്ടിച്ചത് وَشَدَدْنَآ നാം ബലപ്പെടുത്തുകയും ചെയ്തു, ഉറപ്പിച്ചതും أَسْرَهُمْ അവരുടെ (ശരീര) ഘടന, സന്ധുക്കളുടെ കെട്ടുറപ്പ് وَإِذَا شِئْنَا നാം ഉദ്ദേശിച്ചാൽ, ഉദ്ദേശിക്കുമ്പോൾ بَدَّلْنَآ നാം പകരമാക്കും أَمْثَـٰلَهُمْ അവർക്ക് തുല്യമായവരെ, അവരെപ്പോലുള്ളവരെ تَبْدِيلًا ഒരു പകരമാക്കൽ

കഴിഞ്ഞ സൂറത്തിലെ 20, 21 വചനങ്ങളിലെ ആശയംതന്നെയാണ് 27 -ാം വചനത്തിലും കാണുന്നത്. അവിടെ 'പരലോകം (الآخرة)' എന്നതിന്റെ സ്ഥാനത്ത് ഇവിടെ 'ഭാരമേറിയ ഒരു ദിവസം (يوما ثقيلا)' എന്നാണുള്ളത്. ഇത് ക്വിയാമത്ത് നാളാണെന്ന് വ്യക്തമാണ്. തങ്ങളുടെ മുമ്പിൽ കാണുന്ന ക്ഷണികമായ ഐഹികജീവിതത്തിൽ മാത്രമാണ് അവർക്ക് പ്രതിപത്തിയുള്ളത്. അവരുടെ പിന്നാലെ അടുത്തടുത്ത് വന്നുകൊണ്ടിരിക്കുന്ന ആ ഭാരമേറിയ ദിവസത്തെ അവർ തീരെ അവഗണിച്ചുകളയുന്നു. അതുകൊണ്ടാണ് അവർ സൻമാർഗത്തിൽ പ്രവേശിക്കാത്തത് എന്ന് താൽപര്യം.

28 -ാം വചനത്തിന്റെ അവസാനഭാഗം രണ്ടുപ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു:

(1) നാം ഉദ്ദേശിക്കുമ്പോൾ, അഥവാ പുനഃരുത്ഥാനദിവസം അവരെ പുതിയൊരു സൃഷ്ടിയാക്കി മാറ്റിക്കൊണ്ട് എഴുന്നേൽപിക്കും.

(2) നാം ഉദ്ദേശിക്കുകയാണെങ്കിൽ, അവരെ മാറ്റി അവരെപ്പോലെയുള്ള വേറൊരു കൂട്ടരെ- അഥവാ രൂപത്തിൽ തുല്യരാണെങ്കിലും സ്വഭാവത്തിലും മറ്റും വ്യത്യസ്തരായ ഒരു കൂട്ടരെ -ഇവിടെ പകരം കൊണ്ടുവരും. സൂ: ഫാത്വിർ 16 മുതലായ ചില ആയത്തുകളിലെ ആശയം അനുസരിച്ചുള്ളതാണ് ഈ വ്യാഖ്യാനം. മൂന്നാമതായി വേറൊരഭിപ്രായം കൂടി കാണാം. നാമാണ് അവരെ സൃഷ്ടി

ച്ചതും അവരുടെ ശരീരഘടന ബലപ്പെടുത്തിയിരിക്കുന്നതും. എന്നിരിക്കെ, നാം ഉദ്ദേശിക്കുന്നപക്ഷം, അവരുടെ ഈ ശരീരഘടനയല്ലാതെ മറ്റൊരു ശരീരഘടനയുള്ളവരെ ഈ ഭൂമിയിൽതന്നെ നാം അവർക്ക് പകരമായി കൊണ്ടുവരും എന്നത്രെ ആ അഭിപ്രായം. ഒന്നാമത്തേതിന് ഭാഷാപരമായ ചില ന്യായീകരണങ്ങളും (*) രണ്ടാമത്തെ അഭിപ്രായത്തിന് ക്വുർആൻ വാക്യങ്ങളുടെ പിൻബലവും ചൂണ്ടിക്കാട്ടപ്പെടുന്നു. والله اعلم

إِنَّ هَٰذِهِۦ تَذْكِرَةٌ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلًا ﴿٢٩﴾

﴾29﴿ നിശ്ചയമായും ഇതൊരു (മഹത്തായ) ഉപദേശം (അഥവാ സ്മരണ) ആകുന്നു. ആകയാൽ ആർ (വേണമെന്ന്) ഉദ്ദേശിച്ചുവോ അവൻ, തന്റെ റബ്ബിങ്കലേക്ക് (വേണ്ടുന്ന) മാർഗം ഏർപ്പെടുത്തിക്കൊള്ളട്ടെ.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ ۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿٣٠﴾

﴾30﴿ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതുമല്ല. നിശ്ചയമായും, അല്ലാഹു സർവജ്ഞനും, അഗാധജ്ഞനുമാകുന്നു.

يُدْخِلُ مَن يَشَآءُ فِى رَحْمَتِهِۦ ۚ وَٱلظَّٰلِمِينَ أَعَدَّ لَهُمْ عَذَابًا أَلِيمًا ﴿٣١﴾

﴾31﴿ അവൻ ഉദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു; അക്രമികൾക്കാകട്ടെ, അവർക്ക് വേദനയേറിയ ശിക്ഷ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു.

﴾29﴿ إِنَّ هَٰذِهِۦ നിശ്ചയമായും ഇത് تَذْكِرَةٌ ഒരു ഉപദേശമാണ്, സ്മരണയാണ് فَمَن شَآءَ ആകയാൽ ആർ ഉദ്ദേശിച്ചുവോ ٱتَّخَذَ അവൻ ഏർപ്പെടുത്തി (ഉണ്ടാക്കി) ക്കൊള്ളട്ടെ, സ്വീകരിക്കാം إِلَىٰ رَبِّهِ തന്റെ റബ്ബിങ്കലേക്ക് سَبِيلًا മാർഗം, നേർവഴി ﴾30﴿ وَمَا تَشَآءُونَ നിങ്ങൾ ഉദ്ദേശിക്കുന്നതുമല്ല إِلَّآ أَن يَشَآءَ ഉദ്ദേശിക്കുന്നതായതല്ലാതെ ٱللَّهُ അല്ലാഹു إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു كَانَ അവനാകുന്നു عَلِيمًا സർവ്വജ്ഞൻ حَكِيمًا അഗാധജ്ഞൻ, യുക്തിമാനായ ﴾31﴿ يُدْخِلُ അവൻ പ്രവേശിപ്പിക്കും مَن يَشَآءُ

(*) يعني :لأن 'أن' بالكسر لا تستعمل غالبا فيما معلوم الوقوع بخلاف 'إذا' فاستعملها يكون فيما تحقق وقوعه

താൻ ഉദ്ദേശിക്കുന്നവരെ فِى رَحۡمَتِهِۦ എന്റെ കാരുണ്യത്തിൽ وَٱلظَّٰلِمِينَ അക്രമികൾക്കോ
أَعَدَّ لَهُمۡ അവർക്കവൻ ഒരുക്കിയിരിക്കുന്നു عَذَابًا أَلِيمًۢا വേദനയേറിയ ശിക്ഷ

---

29 -ാം വചനംപോലെ സൂ: മുസ്സമ്മിൽ 19 ലും കഴിഞ്ഞുപോയിട്ടുണ്ട്. അതേ ഉദ്ദേശ്യം തന്നെയാണ് ഇവിടെയും. ഈ സൂറത്തിൽ ഇതേവരെയായി പുണ്യവാൻമാരായ സജ്ജനങ്ങളുടെയും, അവരുടെ എതിർപക്ഷക്കാരായ ദുർജനങ്ങളുടെയും സ്ഥിതിഗതികൽ പലതും വിവരിച്ചു. സന്തോഷവാർത്തകളും, ഭയവാർത്തകളും പലതും കഴിഞ്ഞു. അനന്തരം മഹത്തായ ഒരു ഉപദേശമാണിതെന്നും, വേണമെന്നുള്ളവർ അത് സ്വീകരിച്ചുകൊള്ളട്ടെ എന്നും താക്കീത് നൽകി. തുടർന്നുകൊണ്ട് അതിപ്രധാനമായ ഒരു യാഥാർത്ഥ്യം അല്ലാഹു ഓർമിപ്പിക്കുന്നു. മനുഷ്യന് ഏതൊരു കാര്യവും ഉദ്ദേശിക്കുവാനും അത് പ്രായോഗികമാക്കുവാനും സാധിക്കണമെങ്കിൽ അതിൽ അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടി ഉണ്ടായിരിക്കേണ്ടതുണ്ട്. മനുഷ്യൻ സൻമാർഗം സ്വീകരിക്കുന്നതുപോലും അല്ലാഹു ഉദ്ദേശിക്കുമ്പോഴേ ഉണ്ടാവുകയുള്ളൂ. എന്നാൽ, ആരൊക്കെയാണ് സൻമാർഗം പ്രാപിക്കുവാൻ അർഹതയുള്ളവർ, ആരൊക്കെയാണ് അതിന് അർഹരല്ലാത്തവർ, എപ്പോഴാണതിന്റെ സന്ദർഭം എന്നൊക്കെയുള്ള കാര്യങ്ങൾ അല്ലാഹുവിന് ശരിക്കും അറിയാം. അതെ, അവൻ മാത്രമാണ് അതൊക്കെ അറിയുന്നവൻ. ഓരോ കാര്യവും യഥായോഗ്യം യുക്തമായ നിലയിൽമാത്രം അവൻ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. നിശ്ചയമായും അവൻ എല്ലാം അറിയുന്ന സർവ്വജ്ഞനാണ്. യുക്തിമാനും അഗാധജ്ഞനുമാണ്. (إن الله كان عليما حكيما) ഈ വിഷയകമായി 20 -ാം വ്യാഖ്യാനക്കുറിപ്പിൽ വിസ്തരിച്ചു വിവരിച്ചിട്ടുള്ളത് ഓർക്കുക.

അവസാനമായി, ഇതേവരെ സംസാരിച്ച വിഷയങ്ങളുടെ രത്നച്ചുരുക്കമെന്നോണം, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുമെന്നും, അക്രമികൾക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും ഒന്നുകൂടി അനുസ്മരിപ്പിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന് പാത്രമായിത്തീരുന്നവർ- അഥവാ സജ്ജനങ്ങളായ ഭാഗ്യവാൻമാർ- ആരായിരിക്കുമെന്ന് മനസ്സിലാക്കാവുന്നതാണ്. അതെ, അക്രമികളും തോന്നിയവാസികളും അല്ലാത്തവർ തന്നെ. അല്ലാഹു അക്രമികളായ ജനങ്ങളെ സൻമാർഗത്തിലാക്കുന്നതല്ല. (والله لا يهدي القوم الظالمين – الصف) തോന്നിയവാസികളായ ജനങ്ങളെയും അവൻ സൻമാർഗത്തിലാക്കുകയില്ല (والله لا يهدي القوم الفاسقين – الصف) അപ്പോൾ, അല്ലാഹുവിന് അവന്റെ വിധി നിർണയത്തിൽ തികച്ചും ന്യായമുണ്ടെന്ന് വ്യക്തമായല്ലോ. (قل فلله الحجة البالغة)

[والحمد لله أوّلا واخر اوله الحمد والفضل والمنة]